തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പാലം നിർമ്മാണം

89 [671] *ശ്രീ. കെ. വി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ 2001 മേയ് മാസത്തിനുശേഷം ഇതേവരെ ഏതൊക്കെ പാലങ്ങളുടെ നിർമ്മാണപ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവയിൽ ഏതൊക്കെ ടെണ്ടർ ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ 2001 മേയ് മാസത്തിനുശേഷം വെള്ളൂർ പാലത്തിനും വെള്ളാപ്പു പാലത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വെള്ളൂർ പാലത്തിനു ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. വെള്ളാപ്പു പാലത്തിന്റെ ഡിസൈൻ DRIQ ബോർഡ് ചെയ്യുന്നുണ്ട്.

പാലം നിർമ്മാണം

90 [672] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ചാവടിയൂർ പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ ഇപ്പോൾ നേരിടുന്നുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചാവടിയൂർ പാലത്തിന്റെ 6 തൂണുകളുടെയും 1 അബട്ട്മെന്റിന്റെയും പണി പൂർത്തിയായിട്ടുണ്ട്. ഒരു അബട്ട്മെന്റ്, ഡക്ക് സ്ലാബ്, അപ്രോച്ച് റോഡ് എന്നിവയുടെ പണി ശേഷിക്കുന്നുണ്ട്.

(ബി) & (സി) ഉണ്ട് അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി വെള്ളമാരി ഭാഗത്ത് പുറമ്പോക്കിൽ താമസിക്കുന്ന 13 കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതുണ്ട്. പ്രസ്തുത കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അഹാഡ്സും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡും (കെ. എസ്. സി. സി.) തമ്മിലുള്ള കരാർപ്രകാരം പാലം പണി പൂർത്തിയാക്കാനുള്ള തീയതി 18-12-2004-ന് അവസാനിച്ചിരുന്നു. എങ്കിലും പണി

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കിയിട്ടില്ല. പാലത്തിന്റെ ശേഷിക്കുന്ന പണികൾക്ക് 1999 ഷെഡ്യൂൾ ഓഫ് റേറ്റിനെ അപേക്ഷിച്ച് 39.71 ശതമാനം നിരക്കുവർദ്ധന ആവശ്യപ്പെട്ടുകൊണ്ട് കെ. എസ്. സി. സി. മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരുന്നു. കൂടാതെ, അഹാഡ്സിന്റെ 45-ാമത് ഗവേണിംഗ് ബോഡിയിൽ പാലം പണി പൂർത്തീകരിക്കുന്നതിനായി കെ. എസ്. സി. സി.ക്ക് 31-3-2006 വരെ കരാർ കാലാവധി ദീർഘിപ്പിച്ച് കൊടുക്കുന്നതിനായി തീരുമാനിക്കുകയും അതിനായുള്ള സപ്ലിമെന്ററി എഗ്രിമെന്റ് സമർപ്പിക്കുവാൻ കെ. എസ്. സി. സി. യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

പാലക്കാട്-കുളപ്പുള്ളി റോഡിന്റെ നിർമ്മാണം

91 [673] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കുളപ്പുള്ളി റോഡിന്റെ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് എത്ര;

(ബി) ഈ റോഡ് നിർമ്മാണത്തിന് മലേഷ്യൻ കമ്പനിക്ക് എസ്കലേഷൻ ആയി എന്തു തുക നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ കരാറുകളിൽ എന്തെല്ലാം നിബന്ധനകളാണ് അംഗീകരിച്ചിട്ടുള്ളത്;

(ഡി) ഇപ്പോൾ ഈ റോഡുപണിക്ക് എന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) പാലക്കാട്-ഒറ്റപ്പാലം സ്റ്റേറ്റ് ഹൈവേയിൽ പാലക്കാട്-ഷൊർണ്ണൂർ (45.3 കി. മീ.) തൃശ്ശൂർ-കുറ്റിപ്പുറം (33 കി. മീ.) റോഡുകൾക്ക് മൊത്തം എസ്റ്റിമേറ്റ് തുക 140 കോടി രൂപയാണ്. പാലക്കാട്-ഷൊർണ്ണൂർ റോഡ് നിർമ്മാണത്തിനു മാത്രം ഉദ്ദേശം 80 കോടി രൂപ.

(ബി) 4,29,97,766 രൂപ നൽകിയിട്ടുണ്ട്.

(സി) ഈ കരാർ ഏറ്റെടുത്തിരിക്കുന്നത് FIDIC വ്യവസ്ഥപ്രകാരമാണ്. കരാറുകാരന്റെ വീഴ്ചകൊണ്ട് കാലതാമസമുണ്ടായാൽ ദിനംപ്രതി പാലക്കാട്-ഷൊർണ്ണൂർ റോഡിന് 3.20 ലക്ഷം രൂപയും തൃശ്ശൂർ-കുറ്റിപ്പുറം റോഡിന് 2.80 ലക്ഷം രൂപയും പിഴ ഈടാക്കുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്. ജീവിത നിലവാരസൂചികയുടെ വ്യത്യാസം കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പണി പൂർത്തിയാക്കി ഒരു കൊല്ലത്തേക്ക് റോഡിന്റെ എല്ലാവിധ അറ്റകുറ്റപ്പണികളും കരാറുകാരൻ സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്.

(ഡി) യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കുന്നതിൽ പ്രയാസങ്ങൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly